ജനുവരി 31, 2014

# കോൺഗ്രസിന്റെ പിരിമുറുക്കം

അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

തെരഞ്ഞെടുപ്പടുക്കുന്തോറും കോൺഗ്രസിന് പിരിമുറുക്കം ഏറുന്നത് കാണാനാകുന്നു. ഒരു പോരാട്ട ഉണർവിനേക്കാൾ കാണുന്നത് ഓരോരുത്തരും പരിഭ്രാന്തിയോടെ സ്വന്തം സ്ഥാനങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നതാണ് .

അമേഠി കോൺഗ്രസിന്റെ വിജയക്കോട്ടയായിരുന്നു. രാഹുൽ ഗാന്ധിയുടെ മണ്ഡലമാണത്. നാലു പതിറ്റാണ്ടായി ഒരു കുടുംബം ശുശ്രൂഷിച്ചുവരികയാണിവിടം. അവിടെ അമേഠി രജാവ് സഞ്ജയ് സിംഗ് മത്സരക്കാൻ പോകുന്നുവെന്ന വാർത്ത പോലും കോൺഗ്രസിന്റെ അനൗദ്യോഗിക പ്രധാനമന്ത്രി സ്ഥാനാർത്ഥിയെ ഭയപ്പെടുത്തിയിരുന്നു. അങ്ങനെ അമേഠി രാജാവിനെ സുരക്ഷിതമാക്കാൻ അമേഠിക്കു ചുറ്റും കനത്ത കാവലുകൾ രാഷ്ട്രീയമായി ഏർപ്പെടുത്തിയിരിക്കുന്നു. അങ്ങനെ അമേഠി രാജാവിനെ ആസാമിൽനിന്ന് രാജ്യസഭയിലെത്തിച്ചു. ആ മണ്ഡലം സുരക്ഷിതമാക്കാൻ അമേഠിക്കു ചുറ്റും കനത്ത കാവലുകൾ രാഷ്ട്രീയമായി ഏർപ്പെടുത്തിയിരിക്കുന്നു. ഇവിടത്തെ എംപിക്കെതിരെ നിർത്തരുതെന്ന് എസ്പി, ബിഎസ്പി സ്ഥാനാർത്ഥികളുമായി ധാരണയുണ്ടാക്കിയിരിക്കുന്നു. ഇതിലൂടെയെല്ലാം കോൺഗ്രസ് പാർട്ടി നേതാവ് വ്യക്തിപരമായ തന്റെ പിരിമുറുക്കം പ്രകടിപ്പിക്കുക മാത്രമല്ല, ആസാമിലെ പാർട്ടിയുടെ സാധ്യതകൾ കൂടി നശിപ്പിച്ചു. വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെയും ജമ്മു-കാശ്മീരിന്റെയും വികാരം അവരവരുടെ സ്വന്തം സ്ഥാനാർത്ഥിയെ പാർലമെന്റിലേക്ക് വിജയിപ്പിച്ചയക്കണമെന്നാണ്.

ഹരിയാന, ഹിമാചൽപ്രദേശ്, ഛത്തീസ്ഗഡ് എന്നിവിടങ്ങളിൽ തെരഞ്ഞെടുപ്പ് നയിക്കേണ്ട മുതിർന്ന കോൺഗ്രസ് നേതാക്കൾ രാജ്യസഭയിൽ അവരുടെ സീറ്റ് ഉറപ്പിച്ചു കഴിഞ്ഞു.

സഖ്യകക്ഷികളുടെ കാര്യവും വ്യത്യസ്തമല്ല. തൃണമൂൽ കോൺഗ്രസ്, ഡിഎംകെ, ടിആർഎസ് എന്നിവ നേരത്തെ തന്നെ യുപിഎ വിട്ടു. നിലവിലുള്ള യുപിഎ കക്ഷികളിൽ എൻസിപിയും എൻസിയും അകലുന്നു. എൻസിപി ഓരോ ദിവസവും ഓരോരോ സൂചനകളാണ് നൽകുന്നത്. 2002 ലെ ഗുജറാത്ത് കലാപത്തെ സംബന്ധിച്ച എൻസിപിയുടെ നിലപാട് കോൺഗ്രസിന്റെതിൽനിന്ന് വ്യത്യസ്തമാണ്. നാഷണൽ കോൺഫ്രൻസ് തിരിച്ചറിഞ്ഞിരിക്കുന്നത് ന്യൂദൽഹിയിലെ കോൺഗ്രസുമായുള്ള അവരുടെ കൂട്ട് കാശ്മീർ താഴ്വരയിൽ അവർക്ക് ദോഷകരമാകുമെന്നാണ്. അവർ ഒരു പിരിഞ്ഞുപോക്കിന് സ്വയം തയ്യാറാവുകയാണ്.

കോൺഗ്രസ് കേന്ദ്രനേതൃത്വത്തെ വെല്ലുവിളിക്കാൻ ഒരു സംസ്ഥാന ഘടകവും ഇതേവരെ ധൈര്യം കാണിച്ചിട്ടില്ല. എന്നാൽ ആന്ധ്രയിലെ മിക്ക കോൺഗ്രസുകാരും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തെലങ്കാന വിഷയത്തിൽ കേന്ദ്ര നേതൃത്വത്തെ ധിക്കരിക്കുന്നു. അടുത്തത് ആന്ധ്രയിൽനിന്ന് കേൾക്കാൻ പോകുന്നത് രാജ്യസഭാ തെരഞ്ഞെടുപ്പിലെ ക്രോസ് വോട്ടിംഗാണ്. 2004, 2009 തെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ സീറ്റ് കോൺഗ്രസിന് നേടിക്കൊടുത്ത ആന്ധ്രയിൽ പാർട്ടിക്കുള്ളിൽ പിളർപ്പുണ്ടാക്കുന്നതിലേക്കാണ് കാര്യങ്ങൾ നീളുന്നത്.

ഏറ്റവും ഒടുവിൽ എന്റെ ചങ്ങാതി പി.ചിദംബരം മന്ത്രിപ്പണി കഴിയുന്നതോടെയുള്ള ജീവിതം ആസൂത്രണം ചെയ്യാൻ തുടങ്ങി. അദ്ദേഹം വളരെ സമർത്ഥനായ ഒരു വക്കീലാണ്. പാർലമെന്റിന്റെ നഷ്ടം സുപ്രീം കോടതിയുടെ നേട്ടമാകും. അദ്ദേഹം നടത്തുന്ന പ്രസ്താവനകളും ഉന്നയിക്കുന്ന പണ്ഡിതോചിതമായ ചോദ്യങ്ങളും കാണുമ്പോൾ സംശയിക്കേണ്ടത് അദ്ദേഹം പഴയ ജോലിയായ കോളം എഴുത്തിലേക്ക് തിരികെ പോകാൻ ഒരുങ്ങുന്നുവെന്നാണ്. എനിക്കുറപ്പുണ്ട് അദ്ദേഹത്തിന്റെ കോളത്തിന് മികച്ച വായന കിട്ടുമെന്നാണ്.